**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 19

# വാർത്താക്കുറിപ്പ്

---

## ഏകദിന സെമിനാർ

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐ .യു .സി .ഡി .എസ് ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച് ഇൻ ബേസിക് സയൻസസ് (ഐ .ഐ .ആർ .ബി .എസ് ) എന്നിവ സംയുക്തമായി ജൂലൈ19 നു ഐ .ഐ .ആർ .ബി .എസ് ലെക്ച്ചർ തീയറ്ററിൽ വച്ചു സർവകലാശാല പഠനവകുപ്പുകളിലെയും ,അനുബന്ധ കോളേജുകളിലെയും വിദ്യാർഥികൾക്കായി സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചു ഏകദിന സെമിനാർ സംഘടിപ്പിച്ചു .മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ . ഷാജിലാ ബീവി ഉദ്ഘാടനം നിർവഹിച്ച പ്രോഗ്രാമിൽ ഐ .യു .സി .ഡി .എസ് ഡയറക്ടർ പ്രൊഫ .ഡോ.പി .റ്റി ബാബുരാജ് അധ്യക്ഷത വഹിച്ചു .ഐ .ഐ .ആർ .ബി .എസ് ജോയിന്റ് ഡയറക്ടർ ഡോ .പി .ആർ.ബിജു മുഖ്യ പ്രഭാഷണം നടത്തി.സ്ത്രീകളുടെ അവകാശങ്ങളെകുറിച്ചു മുൻ ജുവനയിൽ ജസ്റ്റിസ് ബോർഡ് അംഗം അഡ്വ .സിന്ധു മാത്യു സംസാരിച്ചു .

**ഫോട്ടോ ക്യാപ്ഷൻ :**
മഹാത്മാഗാന്ധി സർവകലാശാല ഐ .ഐ.ആർ.ബി .എസ് തീയറ്ററിൽ നടന്ന ഏകദിന സെമിനാറിൽ നിന്ന്

(പി.ആർ.ഒ./39/937/2022)

## പരീക്ഷാ ഫലം

2021 മാർച്ചിൽ നടന്ന ഒന്നും രണ്ടും സെമെസ്റ്റർ എം. എ പൊളിറ്റിക്കൽ സയൻസ് (പ്രൈവറ്റ് പഠനം)റെഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു .പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 30 വരെ അപേക്ഷിക്കാം.

2022 മാർച്ചിൽ നടന്ന രണ്ടാം വർഷ ബാച്ലർ ഓഫ് മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി - സപ്പ്ളിമെന്ററി (2016 അഡ്മിഷൻ )&മേഴ്സിചാൻസ് (2016 അഡ്മിഷന് മുൻപ്)പരീക്ഷയുടെ ഫലം

പ്രസിദ്ധീകരിച്ചു .പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് രണ്ട് വരെ  അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/938/2022)

**അപേക്ഷ തീയതി**

ഏഴും എട്ടും സെമസ്റ്റർ ബി. ടെക് (CPAS) (2017 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ് /സപ്ലിമെന്ററി,2015& 2016 അഡ്മിഷൻ സപ്ലിമെന്ററി )ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ  ജൂലൈ 26  വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ 27 നും  1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 29 നും അപേക്ഷിക്കാം.കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/939/2022)

**സീറ്റൊഴിവ്**

സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസിൽ  എം. എസ്. സി അപ്ലൈയ്ഡ് ജിയോളജി പ്രോഗ്രാമിലേക്ക് എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്.  താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 22 ന് അകം സ്കൂൾ ഓഫീസിൽ എത്തണം.വിശദ വിവരങ്ങൾക്ക് ph:9447573027

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എം. എ ഹിസ്റ്ററി, എം. എ ആന്ത്രപ്പോളജി കോഴ്സിലേക്ക് എൽ. സി, വിശ്വകർമ, കുടുംബി വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്.  താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 21 ന് 11മണിക്ക് പുല്ലേരി കുന്നിലുള്ള സ്കൂൾ ഓഫീസിൽ എത്തണം.

(പി.ആർ.ഒ./39/940/2022)

**പരീക്ഷാ തീയതി**

ഒന്നും രണ്ടും സെമെസ്റ്റർ ബി. വോക് റിന്യൂവബിൾ എനർജി മാനേജ്മെന്റ്, റിന്യൂ വബിൾ എനർജി ടെക്നോളജി ആൻഡ് മാനേജ്മെന്റ് അഗ്രിക്കൾച്ചർ ടെക്നോളജി, സസ്റ്റൈനബിൾ അഗ്രിക്കൾചർ (2020 അഡ്മിഷൻ റെഗുലർ,2019 &2018 അഡ്മിഷൻ റീ അപ്പിയറൻസ് ഇമ്പ്രൂവ്മെന്റ് ന്യൂ സ്കീം )ബിരുദ പരീക്ഷ ജൂലൈ 2022 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലായ് 21 മുതൽ ഓഗസ്റ്റ് 11 വരെ നടക്കും

കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/941/2022)

## പി ജി,ബി എഡ് പ്രവേശന തീയതി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാല ബിരുദാനന്തര ബിരുദ, ബി എഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അപേക്ഷ തീയതി നീട്ടി.പുതുക്കിയ സമയക്രമം അനുസരിച്ച് ബിരുദാനന്തര ബിരുദ, ബി എഡ് പ്രോഗ്രാമുകൾക്ക് ജൂലായ് 30വരെ അപേക്ഷിക്കാം.സാധ്യത അലോട്മെൻ്റ് ഓഗസ്റ്റ് അഞ്ചിനും ഒന്നാം അലോട്മെൻ്റ് ഓഗസ്റ്റ് 12നും പ്രസിദ്ധീകരിക്കും സ്പോർട്സ് കൾച്ചറൽ വികലാംഗ ക്വാട്ടയിലേക്ക് ജൂലായ് 27 വരെ അപേക്ഷിക്കാം.ഇതിൻ്റെ താത്കാലിക

റാങ്ക് ലിസ്റ്റ് 30 നും അന്തിമ ലിസ്റ്റ് ഓഗസ്റ്റ് 2നും പ്രസിദ്ധീകരിക്കും.ഇതിലെ പ്രവേശനം ഓഗസ്റ്റ് രണ്ടു മൂന്ന് തീയതികളിൽ ബന്ധപ്പെട്ട കോളജുകളിൽ നടക്കും.

(പി.ആർ.ഒ./39/942/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**